## 174

*രീതി: സ്തോത്രം സ്തുതി ഞാൻ*

നന്ദിയോടെന്നും പാടിടും ഞാൻ
വല്ലഭനാമെൻ യേശുവിന്നായ് (2)
വർണ്ണിച്ചിടും ഞാൻ തൻ മഹത്വം
വന്ദിച്ചിടും ഞാൻ തൃപ്പാദത്തിൽ (2)

1 നീചനാമെന്നെ രക്ഷിക്കുവാൻ
ജീവനെ തന്നു സ്നേഹിച്ചവൻ (2)
ഊറ്റിയല്ലോ തൻ ജീവരക്തം നീക്കിയല്ലോ എൻ മൃത്യുഭയം (2)

2 ദൂതന്മാരേക്കാൾ താഴ്ചവന്നോൻ
മാനം മഹത്വം അണിഞ്ഞോനായ് (2)
കാരണഭൂതൻ എല്ലാറ്റിന്നും
കാലമെല്ലാം ഞാൻ സ്തോത്രം ചെയ്യും R.V.T.